

# തുമ്പരശ്ശേരി സെന്റ് മേരീസ് അസംപ്ഷൻ ഇടവക

മൂന്ന് വശവും കരിക്കാട്ട് ചാലിനാൽ ചുറ്റപ്പെട്ട കൊച്ചുഗ്രാമമായ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2,3 വാർഡുകൾ ഉൾപ്പെടുന്നതാണ് തുമ്പരശ്ശേരി ഇടവക. മാതൃ ഇടവകയായ തെക്കൻ താണി ശ്ശേരി പള്ളിയിലെ 1951 ജൂലായ് 28-ാം തിയ്യതി കൂടിയ യോഗതീരുമാനമനുസരിച്ച് ആഗസ്റ്റ് മാസ ത്തിൽ താത്ക്കാലികമായി ഉണ്ടാക്കിയ സ്ഥലത്ത് സ്വർഗ്ഗാരോപിത മാതാവിന്റെ രൂപം സ്ഥാപിച്ച് പ്രാർത്ഥിച്ചുപോന്നു. 1976-ൽ പുതുക്കിപ്പണിത കപ്പേ ളയിൽ വി. കുർബാന അർപ്പിച്ചു.

## കുരിശുപള്ളി, ഇടവക

1984-ൽ കുരിശുപള്ളിയായി. അന്നത്തെ വികാരിയായിരുന്ന ബഹു. ആന്റണി പറോക്കാരൻ അച്ചനും തെ. താണിശ്ശേരി പള്ളി വികാരിമാരായി തുടർന്ന് വന്നവരും തുമ്പരശ്ശേരിയുടെ പുരോ ഗതിയിൽ ശ്രദ്ധാലുക്കളായിരുന്നു. ക്രമേണ മത ബോധനവും ആരംഭിച്ചു. 1995 ഡിസംബർ 8-ാം തിയ്യതി വികാരി ജനറാൾ മോൺ. പോൾ എളം കുന്നപ്പുഴ ശിലാസ്ഥാപനം നടത്തിയ ദേവാലയം 2000 ഡിസംബർ 8-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ കൂദാശാകർമ്മം നടത്തി. അതോടൊപ്പം സിമിത്തേ രിയും തയ്യാറാക്കി. അന്നുമുതൽ അഭിവന്ദ്യപിതാവിന്റെ DL 2/2000-ാം നമ്പർ കൽപന പ്രകാരം ഇടവകയായി ഉയർത്തുകയും ചെയ്തു. ബഹു. ജോസഫ് പടമാട നച്ചൻനിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തിയായത് ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചന്റെ കാലത്താണ്. അദ്ദേഹമാണ് സ്വതന്ത്ര ഇടവകയുടെ പ്രഥമവികാരി. ക്രമേണ വൈദിക മന്ദിരം നിർമ്മിച്ചു.

## സ്ഥിരവാസമുള്ള വികാരി

2007 ജനുവരിയിൽ സ്ഥിരതാമസമുള്ള വികാരിയായി ബഹു. പോൾ എ. അമ്പൂക്കൻ അച്ചൻ നിയമിതനായി. തത്ഫലമായി ഇടവകയിലെ മത ബോധനവും മറ്റു പ്രവർത്തനങ്ങളും കൂടുതൽ സജീ വമായി.

## ഹോളി ഫാമിലി കോൺവെന്റ്

കുടുംബപ്രേഷിതത്വം പ്രമുഖ ദൗത്യമായി സ്വീകരിച്ചിരുന്ന തിരുക്കുടുംബ സന്യാസിനികളുടെ പാവനാത്മ പ്രോവിൻസിന്റെ കീഴിലുള്ള ഒരു ഭവനം 2003-ൽ ഇവിടെ സ്ഥാപിതമായി. കുടുംബ പ്രേഷി തത്വം, കൗൺസലിങ്ങ്, മതബോധനം, സംഘ ടനകളുടെ പ്രവർത്തനം എന്നിവയിൽ ബഹു. സിസ്റ്റേഴ്സ് ഉത്സുകരാണ്. കൂടാതെ, ഒരു നഴ്സറി സ്ക്കൂളും നടത്തിവരുന്നു.



വൈദിക മന്ദിരം



മതബോധന ഹാൾ



ഹോളിഫാമിലി കോൺവെന്റ്

## മതബോധന ഹാൾ

ബഹു. പോൾ അമ്പൂക്കന്റെ നേതൃത്വത്തിൽ ദേവാലയം നവീകരിക്കുകയും സൗകര്യാർത്ഥം മത ബോധനഹാൾ നിർമ്മിക്കുകയും ചെയ്തു.



നേഴ്സറി സ്ക്കൂൾ